# മണൽജീവികൾ: പ്രാദേശികസംസ്കൃതിയുടെ പുനരെഴുത്ത്

ഡോ. ഗായത്രി കെ.പി.

ഗവണ്മെന്റ് എച്ച്.എച്ച്.എസ്., എരിമയൂർ, പാലക്കാട്

ആധുനികതയുടെ ചരിത്രസന്ദർഭത്തിൽ അരികുവൽക്കരിക്കപ്പെട്ടിരുന്ന ജീവിതങ്ങളാണ് ഉത്തരാധുനികനോവലുകൾ അടയാളപ്പെടുത്തുന്നത്. സ്ത്രീത്വം, കീഴാളത, പ്രാദേശികത, പാരിസ്ഥിതികത എന്നിവയെല്ലാം പുരുഷാധിപത്യ വ്യവസ്ഥിതി കെട്ടിയുയർത്തിയ സീമകളെ ഉല്ലംഘിച്ചുകൊണ്ട് അതിജീവനത്തിനായി പോരാടുന്നതിന്റെ നേർസാക്ഷ്യങ്ങളായി ഇത്തരം രചനകളെ വിലയിരുത്താം. 1980-കൾക്ക് ശേഷമുണ്ടായ മലയാളനോവലുകളിൽ ഒളിഞ്ഞും തെളിഞ്ഞും ഈ ഭാവുകത്വമാറ്റം പ്രകടമാകുന്നുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേയ്ക്ക് കടക്കുമ്പോൾ നവഭാവുകത്വം ശക്തമായിത്തീരുന്നതായി കാണാം. നിലനില്ക്കുന്ന വ്യവസ്ഥിതികളോട് കലഹിച്ചുകൊണ്ട്, പ്രതിരോധത്തിന്റെ തലങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് അവയിൽ പ്രകടമാകുന്നത്.

കേരളത്തിലെ ഏറ്റവും വിസ്ഫോടനാവസ്ഥയിലുള്ള പരിസ്ഥിതിപ്രശ്നം എന്ന ഉപശീർഷകത്തോടുകൂടി 2002-ൽ പ്രസിദ്ധീകരിച്ച നോവലാണ് ജി.ആർ. ഇന്ദുഗോപന്റെ മണൽജീവികൾ. കരിമണൽ തീരങ്ങളിൽ ജീവിക്കുന്ന ഒരുപറ്റം മനുഷ്യരുടെ ദുരന്തചിത്രം വരച്ചിട്ട ഈ കൃതി, ഒറ്റപ്പെട്ട പഠനങ്ങളുണ്ടായി എന്നതൊഴിച്ചാൽ ഏറെയൊന്നും സാഹിത്യസംവാദങ്ങൾക്ക് വിഷയമായതായിക്കാണുന്നില്ല. കരിമണൽ ഖനനം നിമിത്തം പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ രൂക്ഷമായ തോതിൽ അനുഭവിക്കുന്ന കൊല്ലം തീരദേശങ്ങളുടെ, സവിശേഷമായി ആലപ്പാട്ടു ഗ്രാമത്തിന്റെ അവസ്ഥയാണ് നോവലിലൂടെ ആവിഷ്കരിക്കുന്നത്. ആ തീരഗ്രാമത്തെ മുൻനിർത്തി, പ്രാദേശികസംസ്കാരത്തിന്റെ പുനരെഴുത്ത് നോവലിൽ എങ്ങനെ സാധ്യമായിരിക്കുന്നു എന്നന്വേഷണമാണ് ഈ പഠനം.

അപൂർവ്വ ലോഹമണൽശേഖരമുള്ള ലോകത്തിലെതന്നെ എണ്ണപ്പെട്ട പ്രദേശങ്ങളിലൊന്നാണ് കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ അഴീക്കൽവരെ 25 കിലോമീറ്റർ നീണ്ടുകിടക്കുന്ന തീരദേശം. നീണ്ടകര, ചവറ, പന്മന, ആലപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ഇവിടങ്ങളിൽ എണ്ണൂറ് മീറ്റർ വരെ താഴ്ചയിൽ കരിമണൽ നിക്ഷേപമുണ്ട്. കരിമണലിൽ മോണോസൈറ്റ്, ഇൽമനൈറ്റ്, ടൈറ്റാനിയം, റൂടൈയിൽ തുടങ്ങിയവ വൻതോതിൽ അടങ്ങിയിരിക്കുന്നു. ഇവ വിമാനം, റോക്കറ്റ് മുതലായവയുടെ നിർമ്മാണത്തിനും പെട്രോമാക്സിന്റെ മാന്റിൽ നിർമ്മാണത്തിനും എണ്ണസംസ്കരണ വ്യവസായങ്ങളിലും അനേകം രാസവ്യവസായങ്ങളിലും ഉപയോഗിക്കുന്നു. കൊല്ലം

തീരങ്ങളിലെ കരിമണലിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ജർമ്മൻകാരാണ് ഖനനത്തിന് തുടക്കം കുറിച്ചത്. അതുമുതലുള്ള കരിമണലിലെ ചരിത്രം നോവലിൽ പലയിടങ്ങളിലായി ചർച്ചചെയ്യുന്നുണ്ട്.

കരുനാഗപ്പള്ളി താലൂക്കിന്റെ തീരദേശഗ്രാമപഞ്ചായത്താണ് ആലപ്പാട്. കായംകുളം കായലിനും അറബിക്കടലിനും ഇടയിലായ 17 കിലോമീറ്റർ നീളത്തിൽ, അരകിലോമീറ്ററിൽ താഴെമാത്രം വീതിയിൽ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ വടക്ക് കായംകുളം അഴിയും (മത്സ്യബന്ധനതുറമുഖം) തെക്ക് പന്മനഗ്രാമവുമാണുള്ളത്. 1908-ൽ കരിമണൽ ഖനനം ആരംഭിക്കുന്നതിനു മുമ്പ് നാലു കിലോമീറ്ററിലധികം വീതിയുണ്ടായിരുന്ന പ്രദേശത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഇപ്പോൾ ചിലയിടങ്ങളിൽ നൂറ് മീറ്റർ വീതിയിൽ മാത്രമാണ് കരയുള്ളത്. ഇവിടെ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും (92%) അരയസമുദായക്കാരാണ്. മറ്റു പ്രദേശങ്ങളിലെ അരയരിൽ നിന്ന് വ്യത്യസ്തമായി പല സാംസ്കാരിക സവിശേഷതകളും പുലർത്തുന്ന ഇവർ ആലപ്പാട്ടരയർ എന്ന സ്വത്വബോധത്തെ പേറുന്നവരാണ്. തമിഴ്നാട്ടിലെ കാവേരിപൂമ്പട്ടണത്തിൽ നിന്ന് കുടിയേറിപ്പാർത്തവരുടെ പിൻമുറക്കാരാണെന്ന വിശ്വാസത്തെ മുറുകെപിടിച്ചുകൊണ്ട് ജീവിക്കുന്ന ഇവർ, ആണ്ടിയാർപട്ടുക്ക, പരിശംവയ്പ്പ് എന്നീ അനുഷ്ഠാനങ്ങൾ ജീവിതചര്യയുടെ ഭാഗമായി പാലിക്കുന്നു. കയറ്റുമതി ചെയ്ത ആലപ്പാടൻ കയറിൽ പറ്റിയിരുന്ന തിളങ്ങുന്ന മണൽത്തരികൾ തേടിയെത്തിയ ജർമ്മൻകാരാണ് കരിമണലിന്റെ പ്രാധാന്യം ആദ്യമായി തിരിച്ചറിഞ്ഞത്. അത് ആ ദേശത്തിന്റെ നാശത്തിന് നിമിത്തമായി. കരിമണൽ കുന്നുകളും കുളങ്ങളും കുറ്റിക്കാടുകളും നെല്പാടങ്ങളും സമൃദ്ധമായ കാവുകളും ഒക്കെച്ചേർന്ന് പ്രകൃതിയൊരുക്കിയ ഈ മനോഹര തീരഗ്രാമം ഇന്ന് നാശോന്മുഖമായിരിക്കുന്നു. ഖനനം തുടങ്ങിയതിനുശേഷം കരയുടെ വീതി കുറഞ്ഞുകുറഞ്ഞ് എപ്പോൾ വേണമെങ്കിലും ഇവിടം വെള്ളത്തിനടിയിലാവാം എന്ന അവസ്ഥയാണുള്ളത്. അതിന്റെയൊക്കെ പരിണതഫലമായിട്ടാണ് 2004-ലുണ്ടായ സുനാമിത്തിരകൾ വളരെ രൂക്ഷമായി ഈ ഗ്രാമത്തെ ബാധിച്ചതും 142 പേരുടെ ജീവൻ അപഹരിച്ചതും.

ഈ ആലപ്പാട്ടുഗ്രാമത്തിന്റെ പുനരെഴുത്തായിട്ടാണ് നോവലിൽ ആലപ്പാട് പഞ്ചായത്ത് കടന്നുവന്നത്. ഇവിടത്തെ മത്സ്യത്തൊഴിലാളിയും പൊതുപ്രവർത്തകനുമായ കെ.സി. ശ്രീകുമാറാണ് നോവലിന് അവതാരിക എഴുതിയിരിക്കുന്നത്. 1700 വർഷത്തിലേറെ പഴക്കമുള്ള ഈ തീരദേശത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും കാലികമായ പരിസ്ഥിതിപ്രശ്നങ്ങളെ മുൻനിർത്തി പുനരാനയിക്കുകയാണ് മണൽജീവികളിലൂടെ ഇന്ദുഗോപൻ. കരിമണൽ ഖനനത്തിന്റെ ദുരിതങ്ങൾ പേറുന്നവരാണ് ആലപ്പാടം നിവാസികൾ. പ്രധാന കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന നീലകണ്ഠൻ ചേട്ടൻ, കൊല്ലത്തെ രാഷ്ട്രീയ പ്രവർത്തകനായിരുന്ന സഖാവ് എൻ. ശ്രീകണ്ഠൻനായരുടെ (RSP) പ്രതിരൂപമാണ്. അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിലൂടെയാണ് കരിമണൽ ഖനനത്തിന്റെ നാൾവഴികൾ അടയാളപ്പെടുത്തുന്നത്.

ശക്തമായ കടൽക്ഷോഭത്തിൽപെട്ട് കടൽനാക്കമ്പലം നിലംപൊത്തുന്നതുകണ്ട് ഭയചകിതനായി കിഴക്കേക്കരയിൽ താമസിക്കുന്ന നീലകണ്ഠൻ ചേട്ടന്റെ വീട്ടിൽ അഭയം പ്രാപിക്കുന്ന കോളേജ് വിദ്യാർത്ഥിയായ ഡിസൂസ, തന്റെ നാടിന്റെ ദാരുണമായ അവസ്ഥയിൽ മനംനൊന്ത് പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് പരിസ്ഥിതിപ്രവർത്തകനായി മാറുന്ന ചിത്രം നോവലിൽ കാണാം. അവരുടെ സംഭാഷണത്തിലൂടെ നാടിന്റെ ഭീതിദമായ അവസ്ഥ വെളിവാകുന്നു. അമ്പലത്തിനു മുന്നിലുണ്ടായിരുന്ന കൽവിളക്കും ചുറ്റമതിലും ഒടുവിൽ വിഗ്രഹവും പലകാലങ്ങളിലായി കടൽ അപഹരിച്ചതിലുള്ള ദുഃഖം

ഡിസൂസ അറിയിക്കുമ്പോൾ, അതിന് സമീപം ഉണ്ടായിരുന്ന സമൃദ്ധമായ കാവിനെക്കുറിച്ചുള്ള ഓർമ്മകളാണ് നീലകണ്ഠൻചേട്ടൻ പങ്കുവയ്ക്കുന്നത്: ശൂരനാട്ട് കേസിൽ ഒളിവിലായിരുന്ന തോപ്പിൽ ഭാസിയും മറ്റും ഒളികേന്ദ്രം മാറിമാറി ഇവിടെ ഒന്നുരണ്ടു ദിവസം തങ്ങിയിട്ടൊണ്ട്. നിബിഡവനം പോലുള്ള ഈ കാവിനുള്ളിൽ... ...അമ്പതുകൊല്ലത്തിനു ശേഷം കാവ് കടലിനു നടുവിലായി. ആ കാവുപോയതോടെ എല്ലാം പോയി (പുറം. 20). ഖനനം തുടങ്ങി എൺപതു കൊല്ലംകൊണ്ട് രണ്ടുകിലോമീറ്റർ കരഭാഗം കടലെടുത്തതായി അദ്ദേഹം തുടർന്നു പറയുന്നുണ്ട്. 1949-ലെ ശൂരനാട് കൊലക്കേസിൽ പ്രതികളായിരുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളായ തോപ്പിൽഭാസിയും ശങ്കരനാരായണൻതമ്പിയും ഒളിവിൽ കഴിഞ്ഞ ആലപ്പാട്ടുഗ്രാമത്തിലെ പനക്കടക്കാവിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ആലപ്പാടം പഞ്ചായത്തിലെ വെള്ളിമൺ തുരുത്തിലെ റെയർ എർത്ത് കമ്പനി എഞ്ചിനീയറായ ഉണ്ണിരാമനും കുമൻതുറയിലെ എം.എ. മലയാളം വിദ്യാർത്ഥിനിയായ കൃഷ്ണകുമാരിയും തമ്മിലുള്ള പ്രണയവും വിവാഹവും അതിനനുബന്ധമായി നടക്കുന്ന പ്രശ്നങ്ങളാണ് കഥയെ മുന്നോട്ടു നയിക്കുന്നത്. ഉദ്യോഗസ്ഥനായ ഉണ്ണിരാമനെ ആർ.ഇ. സി. തങ്ങളുടെ കമ്പനിപ്രതിനിധിയാക്കി ജനങ്ങളെ കബളിപ്പിക്കാനുള്ള തന്ത്രങ്ങൾ മെനയുകയും അതുവഴി അവരെ വരുതിയിൽ നിർത്തുകയും ചെയ്യുന്ന ദൃശ്യം നോവലിൽ കാണാം.

കൃഷ്ണകുമാരിയുടെ പിതാവായ രാഘവനിലൂടെ ആപ്പാടത്തിന്റെ പൂർവ്വകാല കാർഷിക സമൃദ്ധിയും ശിവരാത്രി ദിവസമുള്ള ആപ്പാടത്തുകാരുടെ ചെങ്ങന്നൂർ ശിവനെക്കാണാനുള്ള യാത്രയും അതിനുപിന്നിലുള്ള ഐതിഹ്യവും അവതരിപ്പിക്കുന്നു. കാർഷികസമൃദ്ധിയെക്കുറിച്ചുള്ള വിവരണം ഇപ്രകാരമാണ്: ആപ്പാടത്തെ കരിമണലിന്റെ കുന്നുകൾ ഹിമാലയ ക്കൊടുമുടികൾ പോലെ കരയെ സംരക്ഷിച്ചുപോരുന്നു. കടലിനും കായലിനുമിടയിലുള്ള വിസ്തൃതരാജ്യത്ത് പാടങ്ങൾ ഏറെയുണ്ടായിരുന്നു. കായലിന്റെ നനവും കടൽക്കാറ്റും നല്ല കാലാവസ്ഥയും. കതിർമണികൾ എടുത്താൽ പൊങ്ങാത്ത വലിപ്പമുള്ളതായിരുന്നു. ആരെങ്കിലുമാണ് കൃഷിയിറക്കുക. നാട്ടുകാർക്കും അന്നത്തിനുവേണ്ടി കതിർമുറിക്കാൻ പൊന്നുതമ്പുരാൻ അധികാരം നല്കിയിരുന്നു. നാട്ടിൽ പട്ടിണിയില്ല. പരിവട്ടമില്ല. അത്യാവശ്യം വില്ക്കാനും കൂട്ടാനും ജനം കടലിൽനിന്നും മീൻപിടിച്ചെടുത്തു. കരയിലും കടലിലും സമ്പത്ത്. രണ്ടിടത്തും പ്രജകൾ അമിതചൂഷണവും ആർത്തിയും കാട്ടിയില്ല, പാടങ്ങളുടെ ഇടയിൽ തെളിനീരുള്ള താമരപ്പൊയ്കകളുണ്ടായിരുന്നു. ഈ വിവരണം നാടിന്റെ ഗതകാല സമൃദ്ധിയിലേക്കാണ് വിരൽചൂണ്ടുന്നത്. ആലപ്പാട്ടരയർ ശിവരാത്രിദിവസം ചെങ്ങന്നൂർ ക്ഷേത്രത്തിൽ നടത്തുന്ന പരിശംവയ്പ്പ് എന്ന അനുഷ്ഠാനത്തിന് പിന്നിലുള്ള ഐതിഹ്യവും അല്പം പാഠഭേദത്തോടെയാണെങ്കിലും നോവലിൽ ആവിഷ്കരിക്കുന്നു.

കരിമണലിൽനിന്ന് വൻതോതിൽ അണുപ്രസരം ഉണ്ടാകുന്നതായി ശാസ്ത്രലോകം അഭിപ്രായപ്പെടുന്നുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ അണുപ്രസരണമുള്ളത് കരുനാഗപ്പള്ളി താലൂക്കിന്റെ തീരമേഖലയിലാണെന്ന് ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ 2007-ൽ നടത്തിയ പഠനത്തിൽ പറയുന്നു. ഗാമാറേഡിയേഷന്റെ ലോകശരാശരി ഒരു മില്ലിഗ്രാമാണെങ്കിൽ ഈ പ്രദേശത്ത് അത് 500 മുതൽ 800 ശതമാനം വരെയാണ് (മലയാളമനോരമ ദിനപത്രം, 2007 മെയ് 13). ഈ അണുവികിരണം പലതരത്തിലുള്ള ജനിതകവൈകല്യങ്ങൾക്കും കാൻസർരോഗത്തിനും കാരണമാകുമെന്നാണ് ശാസ്ത്രലോകം പറയുന്നത്. നോവലിൽ ഡിസൂസയുടെ അപ്പൻ മരിക്കുന്നത് കാൻസർ ബാധിച്ചാണ്. കരുനാഗപ്പള്ളിയിൽ മുൻപുണ്ടായിരുന്ന കാൻസർ ചികിത്സാകേന്ദ്രത്തെക്കുറിച്ചുള്ള സൂചനയും നോവലിൽ കടന്നുവരുന്നുണ്ട്. വളർച്ച മുരടിച്ച് കുടിലിനുള്ളിൽ കഴിയുന്ന

അഞ്ചുവയസുകാരി ജനിതകവൈകല്യത്തിന്റെ ഇരയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും അത് മറ്റു പ്രദേശങ്ങളിൽ ഉള്ളതുപോലെ മാത്രമാണെന്നും കരിമണലിൽ ജനിച്ചുവളർന്നവർക്ക് അതിനെ പ്രതിരോധിക്കാനുള്ള ശേഷി പ്രകൃത്യാതന്നെ ലഭ്യമായിട്ടുണ്ടെന്നും ഗവേഷകയായ നീലിമയിലൂടെ വെളിവാകുന്നുണ്ട്. എന്നാൽ അവളുടെ റിസർച്ച് ഗൈഡായ ഡോ. അഗ്നിവേശ് ആ നിരീക്ഷണത്തെ അംഗീകരിക്കുന്നില്ല (പുറം. 68). നീലിമയുടെ അഭിപ്രായത്തെ അംഗീകരിക്കുന്നവരാണ് ആലപ്പാട്ടുനിവാസികൾ. മാത്രമല്ല, ശാസ്ത്രലോകം നിരത്തുന്ന അണുപ്രസരണത്തിന്റെ കണക്കുകൾ, ഒരു പ്രാദേശിക സംസ്കാരത്തെ മുഴുവനായി നിർമ്മാർജ്ജനം ചെയ്ത്, അവരെ ഭയപ്പെടുത്തി ജന്മഭൂമിയിൽ നിന്നും ആട്ടിപ്പായിച്ച്. ആ തീരമേഖല കൈക്കലാക്കാനുള്ള കുത്തക മുതലാളിത്തത്തിന്റെ തന്ത്രമായാണ് അവർ തിരിച്ചറിയുന്നത്.

ലോഹമണൽതീരങ്ങളെക്കുറിച്ചു പഠിച്ച് ഡോക്ടറേറ്റ് നേടിയ ശ്രീധരൻ കർത്താവ്, ഡിസൂസയ്ക്കയക്കുന്ന കത്തിനെ ഒരു സൂചകമായി കാണാം. കത്തിൽ ഇപ്രകാരം പറയുന്നുണ്ട്: നിങ്ങൾക്ക് തീരം പൂർണ്ണമായും നഷ്ടമായിരിക്കുന്നു. സ്ഥലം മാറിവരുന്ന കമ്പനിജീവനക്കാർ, ഖനനഭൂമിയിലേക്കുള്ള യാത്രക്കാർ, അണുപ്രസരണത്തെക്കുറിച്ചു പഠിക്കാൻ വരുന്നവർ..... ഇങ്ങനെയുള്ളവരാണ് ഈ തീരത്തെ നിയന്ത്രിക്കുന്നത്. REC എന്നു കേൾക്കുമ്പോൾ, നിങ്ങളിലുളവാകുന്ന ഒരു സർക്കാർസ്ഥാപനമെന്ന ഒരു സുരക്ഷിതത്വബോധമുണ്ടല്ലോ, അത് വഞ്ചനയുടെ ഒരു മുഖമാണ്, അതിനുള്ളിൽ മറഞ്ഞിരിക്കുന്നത് ബുൾഡോസർ ഭീകരന്മാരാണ്. ചതഞ്ഞുപോകാതിരിക്കാൻ എന്തെങ്കിലും ചെയ്യൂ. നിങ്ങൾ ഇല്ലാതായാൽ ചരിത്രത്തിന്റെ ഒരു താളിലും രക്തക്കറ പുരളില്ല. പകരം വ്യവസായഭീമൻമാരുടെ പുസ്തകത്തിൽ ഗുഡ് എൻട്രികളായി മാറുന്ന ശ്രമമാണ് ഉരിത്തിരിയുക. ജനിച്ചുവളർന്ന നാട്ടിലെ മണ്ണുചോരുന്നു. നിങ്ങളുടെ സംസ്കാരം, പാരമ്പര്യം.... പറിച്ചുനടാൻ പുനരധിവാസം പോലുമില്ലാതെ... കഷ്ടം! നിർത്തട്ടെ... ഇനി ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കുകപോലുമില്ല. ഞാൻ സുഖിക്കാൻ പോകുന്നു" (പുറം. 63). ശ്രീധരൻ കർത്താവിന്റെ കത്തിലെ ഈ അവസാന വാചകം, ഗവേഷകന്റെ നിരുത്തരവാദപരമായ സമീപനം ചൂണ്ടിക്കാണിക്കുന്നതോടൊപ്പം, ആ ഗ്രാമത്തിന്റെ ആസന്നമായ മരണത്തെ അടയാളപ്പെടുത്തുക കൂടി ചെയ്യുന്നുണ്ട്. അത് കഥാന്ത്യത്തിന്റെ സൂചകമായിക്കൂടി പ്രവർത്തിക്കുന്നു.

ഡിസൂസയും കൃഷ്ണകുമാരിയും കടലാക്രമണത്തിൽ അപ്രത്യക്ഷമാകുന്നുണ്ട്. മണ്ണുകമ്പനിയിലെയും തൊഴിലാളിയൂണിയനുകളിലെയും പ്രശ്നങ്ങളിൽനിന്ന് രക്ഷനേടാനായി നാട്ടിൽനിന്നും തിരോധാനം ചെയ്യുന്ന ഉണ്ണിരാമൻ കൃഷ്ണകുമാരിയെത്തേടി അർദ്ധരാത്രിയിൽ നീലകണ്ഠൻചേട്ടനു സമീപമെത്തുന്നത് കഥാന്ത്യത്തിൽ കാണാം. ഭീകരമായ കടൽകയറ്റത്തിൽ ഉണ്ണിരാമന്റെ ശബ്ദവും നിലയ്ക്കുന്നു. ഒടുവിൽ നീലകണ്ഠൻ ചേട്ടന്റെ പുറത്തുവെച്ച് കായലും കടലും കൂട്ടിമുട്ടി. അയാൾക്കത് അനുഭവിക്കാനായി എന്നിങ്ങനെ അവസാന വരികൾ വായിച്ചുകഴിയുമ്പോൾ ഒരു നാടിന്റെ, ഒരു ജനതയുടെ, ഒരു സംസ്കാരത്തിന്റെ പൂർണമായ പതനമാണ് അതിലൂടെ നാം അനുഭവിക്കുന്നത്. അപ്രതീക്ഷിതമായി കടൽ ഉയർന്നുപൊങ്ങിയാൽ കായലും കടലും ഒന്നായി ആലപ്പാട് ഗ്രാമം തന്നെ ഇല്ലാതാവും. പ്രദേശവാസികൾ പങ്കുവയ്ക്കുന്ന ഈ ഭീതിയാണ് നോവലിൽ യാഥാർത്ഥ്യമാവുന്നത്.

കരിമണലിന്റെ ചരിത്രം, റവല്യൂഷണറി പാർട്ടിയുടെ ചരിത്രം, പരിസ്ഥിതിപ്രവർത്തനങ്ങൾ, തൊഴിലാളി യൂണിയനുകളുടെ പ്രശ്നങ്ങൾ, നീലകണ്ഠൻ ചേട്ടന്റെ ശാസ്ത്രപരീക്ഷണങ്ങൾ, നീലിമയുടെ ആണവവിരുദ്ധനോവൽ, ഡിസൂസയുടെ തീരസംരക്ഷണപ്രവർത്തനങ്ങൾ, ജപ്പാൻ സംഘത്തിന്റെ ലോകമണലിനെക്കുറിച്ചുള്ള പഠനപ്രവർത്തനങ്ങൾ

എന്നിങ്ങനെ പല വിഷയങ്ങളും നോവലിൽ ചർച്ചചെയ്യുന്നുണ്ട്. നോട്ടവയ്പുകാരൻ രാമൻ പിള്ള, REC-യുടെ എം.ഡി., കെ.പി. കുറുപ്പൻ, സഖാവ് മത്തായി, മന്ത്രി ഡാനിയേൽ ജോസഫ്, ഉണ്ണിരാമന്റെ മാതാപിതാക്കളായ ദമയന്തി, ഭാർഗവൻ എന്നിങ്ങനെ നിരവധി കഥാപാത്രങ്ങൾ നോവലിൽ കടന്നുവരുന്നുണ്ട്.

ഈ നോവലിന് പഠനം തയ്യാറാക്കിയ ജി. മധുസൂദനൻ കൃതിയിലെ ദുരന്തബോധത്തെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: സമകാലീന സംസ്കാരം ഗുരുതര പ്രതിസന്ധിയിലാണ്. പഴയ നിർണ്ണയനങ്ങൾ അപ്രസക്തമാകുകയും പുതിയ അറിവുകളും വെളിപാടുകളും വേരുറയ്ക്കാൻ ഇടംതേടുകയും ചെയ്യുന്ന കാലമാണ് നമ്മുടേത്. ഈ കൃതിയിലെ ദുരന്തബോധം പരാജയത്തിൽനിന്ന് ഉടലെടുത്തതല്ല; പ്രതിരോധത്തിന്റെ പ്രസക്തിയെ അത് നിരാകരിക്കുന്നുമില്ല. ചിന്തയുടെയും കർമ്മത്തിന്റെ പഴയ രൂപങ്ങൾ അപര്യാപ്തങ്ങളാണെന്നുള്ള തിരിച്ചറിയുന്ന വിധ്വംസകസ്വഭാവം ദുരന്തഭാവനയ്ക്കുണ്ട് (പുറം. 159). നോവലിലെ ദുരന്തഭാവന ഇത്തരത്തിൽ വ്യാഖ്യാനിക്കുമ്പോൾ, പുതിയ പ്രതിരോധതന്ത്രങ്ങളിലൂടെ, അതിജീവനത്തിന്റെ പാതയിൽ മുന്നേറാൻ ഈ തീരജനതയ്ക്കാവും എന്ന സൂചന നല്കുന്നുണ്ട്. അതുവരെ മലയാളസാഹിത്യലോകത്തിന് അപരിചിതമായിരുന്ന ഒരു വിഷയത്തെ മുൻനിർത്തി, ഒരു പ്രദേശകസംസ്കാരത്തിന്റെ പുനരെഴുത്തു നടത്തുകയാണ് ജി.ആർ. ഇന്ദുഗോപൻ മണൽജീവികളിലൂടെ ചെയ്യുന്നത്.

ആധാരഗ്രന്ഥങ്ങൾ

1. ഇന്ദുഗോപൻ, ജി.ആർ., 2003 (2002), മണൽജീവികൾ, കറന്റ് ബുക്സ്, കോട്ടയം.
2. പദ്മനാഭൻ, വി.ടി., 1993, ധാതുമണൽ നിക്ഷേപവും റേഡിയേഷനും, ആലപ്പാട്-ചവറ പരിസ്ഥിതിപ്രശ്നങ്ങൾ, മോഹൻദാസ് വള്ളിക്കാവ് (എഡിറ്റർ), യുവകലാസാഹിതി, കരുനാഗപ്പള്ളി.